പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5796 27.10.2011- ൽ മറുപടിയ്ക്ക്

## കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. ആർ. രാജേഷ്.<br>ശ്രീ. ജെയിംസ് മാത്യു | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി |
| (എ) കൃഷി ചെയ്തുകൊണ്ടിരിക്കുന്ന ഭൂമിയിൽ കൃഷി തുടർന്നുകൊണ്ടുപോകാൻ കഴിയാത്ത കൃഷിക്കാരന്റെ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത അവസ്ഥയിൽ നിന്ന് കൃഷിക്കാരെ സംരക്ഷിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | (ബി) താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.<br>1. കൃഷിക്ക് ആവശ്യമായ വിത്ത്, വളം, കീടനാശിനി തുടങ്ങിയ ഉൽപ്പാദനോപാധികൾക്കുള്ള ധനസഹായം.<br>2. കൃഷിയിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള സഹായങ്ങൾ.<br>3. പ്രകൃതിക്ഷോഭം മൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം.<br>4. കൃഷിനാശം സംഭവിക്കുന്ന കർഷകർക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ.<br>5. തിരഞ്ഞെടുത്ത വിപണികൾ മുഖേന കർഷക ഉൽപ്പന്നങ്ങളുടെ സംഭരണം മുഖേന ന്യായമായ വില ഉറപ്പാക്കൽ.<br>6. ഉയർന്ന വിലയ്ക്ക് നെൽ സംഭരണം. |

(....)

| | | | |
|---|---|---|---|
| (സി) | രാസവളങ്ങളുടെ വിലവർദ്ധന, ദൗർലഭ്യം, കൂടിയ പലിശ, കടക്കെണി തുടങ്ങി കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ സാധ്യമാകുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | രാസവളങ്ങളുടെ വില വർദ്ധനവിൽ നിന്നും ആശ്വാസം നൽകുന്നതിലേക്കായി രാസവളങ്ങൾക്കുള്ള നികുതിയിളവ് പ്രഖ്യാപിച്ചിട്ടുണ്ട്. കൃഷിക്കുള്ള വായ്പകൾ സുഗമമായി ലഭ്യമാക്കുന്നതിന് കിസ്സാൻ ക്രെഡിറ്റ് കാർഡ് പദ്ധതി വ്യാപിപ്പിക്കുകയും കുറഞ്ഞ നിരക്കിൽ വായ്പാ സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ